കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം - 695033

നമ്പർ: ബി1- 54571 -2022- സം.തി.ക. തീയതി: 09.02.2022

പ്രേഷിതൻ

സെക്രട്ടറി

സ്വീകർത്താവ്

**ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ & ജില്ലാ കളക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.**

**ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ & അഡീഷണൽ സെക്രട്ടറി**

സി 03.കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (എറണാകുളം ജില്ല)
സി 06.കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ (കണ്ണൂർ ജില്ല)

**ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ & സെക്രട്ടറി**

ജി 15.അതിയന്നൂർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 06.പൂവാർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 58.നാവായിക്കുളം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 51.കല്ലറ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 34.വെളിയം ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 62.വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 4 ക്ലാപ്പന ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 43.പെരിനാട് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 33.ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 12.ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 35.കോന്നി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ജി 03.കൊറ്റനാട് ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ജി.28 റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ജി.65 വള്ളിക്കുന്നം ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)
ജി 19. മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)
എം 63.ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിൽ (കോട്ടയം ജില്ല)
ജി 23.ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)
ജി.14 ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)
ജി 40.അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)

എം 21.തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിൽ (എറണാകുളം ജില്ല)
ജി 53.കുന്നത്ത്നാട് ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)
ജി 58.വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)
ജി 72.നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)
എം.68 വടക്കഞ്ചേരി മുനിസിപ്പൽ കൗൺസിൽ (തൃശ്ശൂർ ജില്ല)
ജി.71 മുരിയാട് ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി.80 കുഴൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 67.തൃക്കൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 71.മുരിയാട് ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 76.വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
എം 70.ചെറുപ്പളശ്ശേരി മുനിസിപ്പൽ കൗൺസിൽ (പാലക്കാട് ജില്ല)
ജി 74.പല്ലശ്ശന ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)
ജി 96.ആലംകോട് ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
ജി 84.വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
ജി 76.കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
എം 78.കൊടുവള്ളി മുനിസിപ്പൽ കൗൺസിൽ (കോഴിക്കോട് ജില്ല)
എം 56.പയ്യന്നൂർ മുനിസിപ്പൽ കൗൺസിൽ (കണ്ണൂർ ജില്ല)
ജി 48.മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)
ജി 59.മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)
ജി 21.കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)

സർ,

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ -
തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ആകസ്മിക ഒഴിവുകൾ -
ഉപതിരഞ്ഞെടുപ്പ് - വോട്ടർപട്ടിക പുതുക്കുന്നത്- സംബന്ധിച്ച്.

സംസ്ഥാനത്തെ വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വന്നിട്ടുള്ള അംഗങ്ങളുടെ/കൗൺസിലർമാരുടെ ആകസ്മിക ഒഴിവുകൾ നികത്തുതിനായി ഉപതിരഞ്ഞെടുപ്പ് നടത്തുന്നതിന് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ തീരുമാനിച്ചിട്ടുണ്ട്. അതിന് മുന്നോടിയായി ചുവടെ ചേർക്കുന്ന വാർഡുകളിലെ/നിയോജക മണ്ഡലങ്ങളിലെ വോട്ടർ പട്ടിക പുതുക്കേണ്ടതായിട്ടുണ്ട്.

| ക്രമ നമ്പർ | ജില്ല | തദ്ദേശ സ്ഥാപനത്തിന്റ നമ്പരും പേരും | വാർഡ് / നിയോജക മണ്ഡലത്തിന്റെ നമ്പരും പേരും | സംവരണം | വോട്ടർപട്ടിക പട്ടിക പുതുക്കേണ്ട വാർഡുകൾ |
|---|---|---|---|---|---|
| 1. | തിരുവനന്തപുരം | ജി 15.അതിയന്നൂർ ഗ്രാമ പഞ്ചായത്ത് | 13.കണ്ണറവിള | ജനറൽ | 13.കണ്ണറവിള |
| 2. | തിരുവനന്തപുരം | ജി 06.പൂവാർ ഗ്രാമ പഞ്ചായത്ത് | 03. അരശുംമൂട് | ജനറൽ | 03. അരശുംമൂട് |
| 3. | തിരുവനന്തപുരം | ജി 58.നാവായിക്കുളം ഗ്രാമ പഞ്ചായത്ത് | 04.മരുതിക്കുന്ന് | ജനറൽ | 04.മരുതിക്കുന്ന് |

| | | | | | |
|---|---|---|---|---|---|
| 4. | തിരുവനന്തപുരം | ജി 51.കല്ലറ ഗ്രാമ പഞ്ചായത്ത് | 07.കൊടിതൂക്കിയ കുന്ന് | ജനറൽ | 07.കൊടിതൂക്കിയ കുന്ന് |
| 5. | കൊല്ലം | ജി 34.വെളിയം ഗ്രാമ പഞ്ചായത്ത് | 06.കളപ്പില | സ്ത്രീ | 06.കളപ്പില |
| 6. | കൊല്ലം | ജി 62.വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് | 03.മുളയറച്ചാൽ | ജനറൽ | 03.മുളയറച്ചാൽ |
| 7. | കൊല്ലം | ജി 4.ക്ലാപ്പന ഗ്രാമ പഞ്ചായത്ത് | 11. ക്ലാപ്പന കിഴക്ക് | ജനറൽ | 11. ക്ലാപ്പന കിഴക്ക് |
| 8. | കൊല്ലം | ജി 43.പെരിനാട് ഗ്രാമ പഞ്ചായത്ത് | 06.നാന്തിരിക്കൽ | സ്ത്രീ | 06.നാന്തിരിക്കൽ |
| 9. | കൊല്ലം | ജി 33.ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് | 09.കഴുതുരുട്ടി | ജനറൽ | 09.കഴുതുരുട്ടി |
| 10. | കൊല്ലം | ജി 12.ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് | 02. സംഗമം | ജനറൽ | 02. സംഗമം |
| 11. | പത്തനംതിട്ട | ജി 35.കോന്നി ഗ്രാമ പഞ്ചായത്ത് | 18.ചിറ്റൂർ | പട്ടികജാതി | 18.ചിറ്റൂർ |
| 12. | പത്തനംതിട്ട | ജി 03.കൊറ്റനാട് ഗ്രാമ പഞ്ചായത്ത് | 07.വൃന്ദാവനം | ജനറൽ | 07.വൃന്ദാവനം |
| 13. | പത്തനംതിട്ട | ജി.28 റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത് | 05.ഈട്ടിച്ചുവട് | സ്ത്രീ | 05.ഈട്ടിച്ചുവട് |
| 14. | ആലപ്പുഴ | ബി 41.ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് | 12.മണയ്ക്കാട് | ജനറൽ | ജി.65 വള്ളിക്കുന്നം ഗ്രാമപഞ്ചായത്തിലെ 2, 12, 13, 14, 15, 16, 17, 18 എന്നീ വാർഡുകൾ |
| 15. | ആലപ്പുഴ | ജി 19.മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് | 03.പെരുന്തുരുത്ത് | ജനറൽ | 03.പെരുന്തുരുത്ത് |
| 16. | കോട്ടയം | എം 63.ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിൽ | 35.അമ്പലം | ജനറൽ | 35.അമ്പലം |
| 17. | ഇടുക്കി | ജി 23.ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് | 12.വെള്ളാന്താനം | സ്ത്രീ | 12.വെള്ളാന്താനം |
| 18. | ഇടുക്കി | ജി.14 ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് | 11.ആണ്ടവൻകുടി | പട്ടികവർഗം സ്ത്രീ | 11.ആണ്ടവൻകുടി |
| 19. | ഇടുക്കി | ജി 40.അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് | 04.ചേമ്പളം | സ്ത്രീ | 04.ചേമ്പളം |
| 20. | എറണാകുളം | സി 03.കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ | 62.എറണാകുളം സൗത്ത് | ജനറൽ | 62.എറണാകുളം സൗത്ത് |

| | | | | | |
|---|---|---|---|---|---|
| 21. | എറണാകുളം | എം 21.തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിൽ | 46.പിഷാരികോവിൽ | പട്ടികജാതി സ്ത്രീ | 46.പിഷാരികോവിൽ |
| 22. | എറണാകുളം | എം 21.തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിൽ | 11.ഇളമനത്തോപ്പ് | ജനറൽ | 11.ഇളമനത്തോപ്പ് |
| 23. | എറണാകുളം | ജി 53.കുന്നത്ത്നാട് ഗ്രാമ പഞ്ചായത്ത് | 11.വെമ്പിള്ളി | ജനറൽ | 11.വെമ്പിള്ളി |
| 24. | എറണാകുളം | ജി 58.വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് | 06.മൈലൂർ | ജനറൽ | 06.മൈലൂർ |
| 25. | എറണാകുളം | ജി 72.നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് | 17.അത്താണി ടൗൺ | ജനറൽ | 17.അത്താണി ടൗൺ |
| 26. | തൃശ്ശൂർ | എം.68 വടക്കഞ്ചേരി മുനിസിപ്പൽ കൗൺസിൽ | 13. ഒന്നാംകല്ല് | പട്ടികജാതി സ്ത്രീ | 13. ഒന്നാംകല്ല് |
| 27. | തൃശ്ശൂർ | ബി 88.ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് | 07.ആനന്ദപുരം | പട്ടികജാതി സ്ത്രീ | ജി 71.മുരിയാട് ഗ്രാമപഞ്ചായത്തിലെ 1, 2, 3, 4 എന്നീ വാർഡുകൾ |
| 28. | തൃശ്ശൂർ | ജി.80 കുഴൂർ ഗ്രാമ പഞ്ചായത്ത് | 04.കുഴൂർ | ജനറൽ | 04.കുഴൂർ |
| 29. | തൃശ്ശൂർ | ജി 67.തൃക്കൂർ ഗ്രാമ പഞ്ചായത്ത് | 09.ആലേങ്ങാട് | ജനറൽ | 09.ആലേങ്ങാട് |
| 30. | തൃശ്ശൂർ | ജി 71.മുരിയാട് ഗ്രാമ പഞ്ചായത്ത് | 13.തുറവൻകാട് | സ്ത്രീ | 13.തുറവൻകാട് |
| 31. | തൃശ്ശൂർ | ജി 76.വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് | 02.വെളയനാട് | ജനറൽ | 02.വെളയനാട് |
| 32. | പാലക്കാട് | എം 70.ചെറുപ്പളശ്ശേരി മുനിസിപ്പൽ കൗൺസിൽ | 23.കോട്ടകുന്ന് | ജനറൽ | 23.കോട്ടകുന്ന് |
| 33. | പാലക്കാട് | ജി 74.പല്ലശ്ശന ഗ്രാമ പഞ്ചായത്ത് | 11.കൂടല്ലൂർ | പട്ടികജാതി | 11.കൂടല്ലൂർ |
| 34. | മലപ്പുറം | ജി 96.ആലംകോട് ഗ്രാമ പഞ്ചായത്ത് | 07.ഉദിനുപറമ്പ് | പട്ടികജാതി | 07.ഉദിനുപറമ്പ് |
| 35. | മലപ്പുറം | ജി 84.വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് | 09.പരുത്തിക്കാട് | ജനറൽ | 09.പരുത്തിക്കാട് |
| 36. | മലപ്പുറം | ജി 76.കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് | 19.വാളക്കട | ജനറൽ | 19.വാളക്കട |
| 37. | കോഴിക്കോട് | എം 78.കൊടുവള്ളി മുനിസിപ്പൽ കൗൺസിൽ | 14.വാരിക്കുഴിത്താഴം | ജനറൽ | 14.വാരിക്കുഴിത്താഴം |
| 38. | കണ്ണൂർ | സി 06.കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ | 10.കക്കാട് | സ്ത്രീ | 10.കക്കാട് |
| 39. | കണ്ണൂർ | എം 56.പയ്യന്നൂർ മുനിസിപ്പൽ | 09.മുതിയലം | സ്ത്രീ | 09.മുതിയലം |

| | | | | | |
|---|---|---|---|---|---|
| | | കൗൺസിൽ | | | |
| 40. | കണ്ണൂർ | ജി 48.മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് | 06. തെക്കേക്കുന്നുമ്പ്രം | സ്ത്രീ | 06. തെക്കേക്കുന്നുമ്പ്രം |
| 41. | കണ്ണൂർ | ജി 59.മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് | 05.നീർവ്വേലി | ജനറൽ | 05.നീർവ്വേലി |
| 42. | കണ്ണൂർ | ജി 21.കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് | 07.പുല്ലാഞ്ഞിയോട് | സ്ത്രീ | 07.പുല്ലാഞ്ഞിയോട് |

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും സമ്മതിദായകരുടെ രജിസ്ട്രേഷൻ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കും, സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായും ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾക്ക് വിധേയമായും പ്രസ്തുത വാർഡുകളിലെ/ നിയോജകമണ്ഡലങ്ങളിലെ വോട്ടർപട്ടിക പുതുക്കുന്നതിന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരോട് നിർദ്ദേശിക്കുന്നു.

- വോട്ടർപട്ടിക പുതുക്കുന്ന നടപടി തുടങ്ങും മുൻപ് പ്രസ്തുത വാർഡിലെ പട്ടിക പുതുക്കുന്നതിനെതിരെ എന്തെങ്കിലും കോടതിതീർപ്പുകളോ മറ്റു നിർദ്ദേശങ്ങളോയില്ലെന്ന് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ/ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ ഉറപ്പുവരുത്തേണ്ടതാണ്.
- വോട്ടർപട്ടിക തയ്യാറാക്കുന്ന കാര്യപരിപാടിക്ക് പ്രാദേശികമായ പ്രചാരണം ലഭിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.കൂടാതെ ഇക്കാര്യത്തിൽ മതിയായ പ്രചാരണം നൽകുന്നതിനാവശ്യമായ എല്ലാ നടപടികളും ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ ജില്ലാ ഇൻഫർമേഷൻ ഓഫീസർ മുഖേന സ്വീകരിക്കേണ്ടതാണ്.
- **വോട്ടർപട്ടിക പുതുക്കുന്നതിനുള്ള യോഗ്യതാ തീയതി 01.01.2022 ആണ്.** യോഗ്യതാ തീയതിയായി നിശ്ചയിച്ചിട്ടുള്ള **2022 ജനുവരി 1- ാം** തീയതിയോ **അതിനുമുമ്പോ 18 വയസ് തികഞ്ഞവരെ മാത്രമേ** വോട്ടർ പട്ടികയിൽ ഉൾപ്പെടുത്താൻ പാടുള്ളൂ. ഇക്കാര്യം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ഉറപ്പാക്കേണ്ടതാണ്.
- 2020-ലെ പൊതുതിരഞ്ഞെടുപ്പിലോ അതിന് ശേഷം നടന്ന ഉപതിരഞ്ഞെടുപ്പിലോ ഉപയോഗിച്ച വോട്ടർപട്ടിക അടിസ്ഥാനമാക്കി വേണം കരട് വോട്ടർപട്ടിക തയ്യാറാക്കേണ്ടത്.
- നിലവിലുള്ള വോട്ടർപട്ടികയുടെ അടിസ്ഥാനപട്ടികയും സപ്ലിമെന്ററിപട്ടികകളും സംയോജിപ്പിച്ചുകൊണ്ടുള്ള ഏകീകൃത വോട്ടർപട്ടിക കമ്മീഷന്റെ

www.sec.kerala.gov.in വെബ് സൈറ്റിൽ ലഭ്യമാണ്. ഇത് ഡൗൺലോഡ് ചെയ്ത് വേണം കരട് പട്ടിക പ്രസിദ്ധീകരിക്കേണ്ടത്.

- കരട് വോട്ടർപട്ടിക സംബന്ധിച്ച നോട്ടീസ് മൂന്നാം നമ്പർ ഫോറത്തിൽ ബന്ധപ്പെട്ട പഞ്ചായത്ത്/നഗരസഭാ ഓഫീസിലും വില്ലേജാഫീസിലും താലൂക്കാഫീസിലും **16/02/2022(ബുധൻ)**-ൽ പ്രസിദ്ധപ്പെടുത്തേണ്ടതും, പ്രസിദ്ധപ്പെടുത്തിയെന്ന സർട്ടിഫിക്കറ്റ് ബന്ധപ്പെട്ട ആഫീസ് തലവൻമാരിൽ നിന്നും ലഭ്യമാക്കി അന്നേദിവസം തന്നെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്. പഞ്ചായത്തുകളെ സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് ഓഫീസിലും ജില്ലാ പഞ്ചായത്ത് ഓഫീസിലും കൂടി അവ പ്രസിദ്ധപ്പെടുത്തേണ്ടതാണ്.
- കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം മരണപ്പെട്ടവരുടെ പേരുവിവരം ബന്ധപ്പെട്ട രജിസ്റ്ററുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയശേഷം അപ്രകാരമുള്ള പേരു വിവരവും മറ്റ് വിശദാംശങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതും അപ്രകാരം പ്രസിദ്ധപ്പെടുത്തി 7(ഏഴ്) ദിവസത്തിനകം ഇക്കാര്യം സംബന്ധിച്ച് എന്തെങ്കിലും അറിയിപ്പോ അഭിപ്രായമോ ആക്ഷേപമോ ലഭിക്കാത്തപക്ഷം, മരണപ്പെട്ട ആളുടെ പേരു വിവരം, നിലവിലുള്ള വോട്ടർപട്ടികയിൽ നിന്നും തിരഞ്ഞെടുപ്പ് രജിസ്ട്രേഷൻ ഉദ്യോഗസ്ഥൻ സ്വമേധയാ നീക്കം ചെയ്യേണ്ടതുമാണ്.
- വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുതിനുള്ള അവകാശവാദ അപേക്ഷകളും **(ഫാറം 4)**വോട്ടർ പട്ടികയിലെ ഉൾക്കുറിപ്പുകളെ സംബന്ധിച്ച ആക്ഷേപങ്ങളും **(ഫാറം 6)**ഒരു പോളിംഗ് സ്റ്റേഷനിൽ നിന്നും മറ്റൊരു പോളിംഗ് സ്റ്റേഷനിലേയ്ക്കോ ഒരു വാർഡിൽ നിന്നും മറ്റൊരു വാർഡിലേയ്ക്കോ ഉള്ള സ്ഥാനമാറ്റം സംബന്ധിച്ച അപേക്ഷകളും **(ഫാറം 7)**ഓൺലൈനായി വേണം സ്വീകരിയ്ക്കേണ്ടത്. എന്നാൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ **(ഫാറം 5)** നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ വേണം സ്വീകരിയ്ക്കേണ്ടത്.
- ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ തനിക്ക് ലഭിക്കുന്ന ഓരോ അവകാശവാദ അപേക്ഷയും ആക്ഷേപവും സംബന്ധിക്കുന്ന വിവരങ്ങൾ 9, 10, 11 നമ്പർ ഫോറങ്ങളിൽ ഡ്യൂപ്ലിക്കേറ്റായി സൂക്ഷിക്കേണ്ടതും, അത്തരം ലിസ്റ്റുകളുടെ ഓരോ കോപ്പി പ്രസ്തുത ആക്ഷേപങ്ങളിലും അവകാശവാദങ്ങളിലും തീർപ്പ് കൽപിക്കുന്നതുവരെ പഞ്ചായത്തിന്റെ / മുനിസിപ്പാലിറ്റിയുടെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.
- മേൽപ്പറഞ്ഞ പ്രകാരം ലഭിക്കുന്ന അപേക്ഷകൾ/ആക്ഷേപങ്ങൾ പരിശോധിച്ച് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തുടർനടപടി യഥാസമയം

സ്വീകരിക്കേണ്ടതാണ്. **ഓൺലൈൻ അപേക്ഷകളിൻമേൽ നടപടി എടുക്കുന്നത് സംബന്ധിച്ച വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.**

- അപ്പീൽ തീരുമാനങ്ങൾ എന്തെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതുംകൂടി ഉൾപ്പെടുത്തി അന്തിമ വോട്ടർപട്ടിക **16/03/2022 (ബുധൻ)**-ന് പ്രസിദ്ധീകരിക്കേണ്ടതും ആയത് പ്രസിദ്ധപ്പെടുത്തിയെന്നുള്ള സർട്ടിഫിക്കറ്റ്, അന്നു തന്നെ സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് അയയ്ക്കേണ്ടതുമാണ്.
- കരട് വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടികയുടെയും അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിന് ശേഷം കൂട്ടിച്ചേർക്കലുകളോ, ഒഴിവാക്കലുകളോ തിരുത്തലുകളോ വരുത്തുകയാണെങ്കിൽ പ്രസ്തുത പട്ടികകളുടേയും രണ്ടു പകർപ്പുകൾ വീതം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ ചിഹ്നം അനുവദിച്ചിട്ടുള്ള ദേശീയ രാഷ്ട്രീയ പാർട്ടികൾക്കും കേരള സംസ്ഥാന രാഷ്ട്രീയ പാർട്ടികൾക്കും സൗജന്യമായി നൽകേണ്ടതാണ്. പ്രസ്തുത വോട്ടർപട്ടികകളുടെ രണ്ടുപ്രതികൾ വീതം കേരള നിയമസഭയിൽ പ്രാതിനിധ്യമുള്ള രാഷ്ട്രീയ പാർട്ടികൾക്കും അവർ ആവശ്യപ്പെടുന്ന പക്ഷം സൗജന്യമായി നൽകേണ്ടതാണ്.
- അന്തിമ വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതിനുശേഷം, 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 23, 24 വകുപ്പുകൾ പ്രകാരവും 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 വകുപ്പുകൾ പ്രകാരവും സമർപ്പിക്കുന്ന ആക്ഷേപമോ അവകാശവാദമോ സ്വീകരിക്കേണ്ടതും എന്നാൽ നിയമ പ്രകാരമുള്ള നടപടികൾ ആയതിൻമേൽ എടുക്കേണ്ടതായിട്ടുള്ളതിനാൽ നാമനിർദ്ദേശപത്രികകൾ സ്വീകരിക്കുന്ന അവസാന ദിവസത്തിന് 10 ദിവസം മുമ്പുവരെ സമർപ്പിക്കുന്ന അപേക്ഷകളിൻമേൽ മാത്രം നടപടികൾ കൈക്കൊള്ളേണ്ടതും അതിനുശേഷം ലഭിക്കുന്ന അപേക്ഷകളിൻമേൽ ഉപതിരഞ്ഞെടുപ്പ് പൂർത്തിയായ ശേഷവും നടപടി സ്വീകരിക്കേണ്ടതുമാണ്.
- **കമ്മീഷൻ കാലാകാലങ്ങളിൽ അയോഗ്യത കൽപ്പിച്ചവരിൽ നിലവിൽ അയോഗ്യതയുള്ളവർ മേൽപ്പറഞ്ഞപ്രകാരം തയ്യാറാക്കുന്ന വോട്ടർപട്ടികയിൽ ഉൾപ്പെട്ടുവരുന്നെങ്കിൽ അത്തരം പേരുകൾക്ക് നേരെ പ്രത്യേക അടയാളം (*) രേഖപ്പെടുത്തേണ്ടതും അത്തരം ആളുകളുടെ ലിസ്റ്റ് പ്രത്യേകം തയ്യാറാക്കി അന്തിമപട്ടികയോടൊപ്പം വരണാധികാരിക്ക് നൽകേണ്ടതുമാണ്.**
- വോട്ടർപട്ടികയുടെ പുതുക്കലുമായി ബന്ധപ്പെട്ട് ലഭിക്കുന്ന എല്ലാ അപേക്ഷകളിലും ആക്ഷേപങ്ങളിലും ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ തീരുമാനങ്ങൾ രേഖപ്പെടുത്തി ആയതിന്റെ പകർപ്പ് ബന്ധപ്പെട്ട കക്ഷികൾക്ക് രേഖാമൂലം കൈമാറേണ്ടതും ആരംഭം മുതൽ അവസാനം വരെയുള്ള നടപടിക്രമങ്ങളുടെ രേഖകൾ ക്രമനമ്പറിട്ട് സൂക്ഷിച്ചുപോരേണ്ടതും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ഏതു സമയത്തുമുള്ള പരിശോധനകൾക്കും അവ വിധേയമാക്കേണ്ടതുമാണ്.

- **ഉപതിരഞ്ഞെടുപ്പിന്റെ ആവശ്യത്തിലേയ്ക്ക് പ്രവാസി ഭാരതീയരുടെ വോട്ടർപട്ടിക പ്രത്യേകം തയ്യാറാക്കേണ്ടതാണ്. ഇതിലേയ്ക്കുള്ള ഓൺലൈൻ അപേക്ഷകൾ കമ്മീഷന്റെ www.sec.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. നിശ്ചിത തീയതിക്കകം നേരിട്ടോ തപാലിലൂടെയോ ലഭിക്കുന്ന ഓൺലൈൻ അപേക്ഷകളുടെ പകർപ്പുകൾ പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.**
- *സ്വതന്ത്രവും നീതിപൂർവ്വകവും നിഷ്പക്ഷവുമായ തിരഞ്ഞെടുപ്പ് വോട്ടർപട്ടികയുടെ കൃത്യതയെ ആശ്രയിച്ചിരിക്കുന്നതിനാൽ അനർഹരായ വോട്ടർമാർ വോട്ടർപട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും അർഹരായ വോട്ടർമാർ ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ ഉറപ്പുവരുത്തേണ്ടതാണ്.* ഇക്കാര്യത്തിൽ ഔദ്യോഗിക കർത്തവ്യലംഘനം വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 28 - ൧൦ വകുപ്പോ, 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 84 എ വകുപ്പോ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ഈ അറിയിപ്പ് ലഭിച്ചാലുടൻതന്നെ കരട് വോട്ടർപട്ടിക പ്രസിദ്ധീകരിക്കുന്ന തീയതിക്കു മുൻപായി തിരഞ്ഞെടുപ്പു നടക്കുന്ന വാർഡുകളുടെ ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, അസിസ്റ്റന്റ് ഇലക്ടറൽ രജിസ്ട്രേഷൻ ആഫീസർ, ജില്ലാ ഇൻഫർമേഷൻ ആഫീസർ, അസിസ്റ്റന്റ് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ബന്ധപ്പെട്ടനഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർ എന്നിവരുടെ ഒരു യോഗം കളക്ടറേറ്റിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ വിളിച്ചുകൂട്ടേണ്ടതും വോട്ടർപട്ടിക പുതുക്കുന്നതിന്റെ നടപടിക്രമങ്ങൾ മുൻകൂർ നിശ്ചയിച്ച് കാര്യപരിപാടി തയ്യാറാക്കേണ്ടതുമാണ്. പ്രസ്തുത യോഗതീയതി തിരഞ്ഞെടുപ്പ് കമ്മീഷനെ അറിയിക്കേണ്ടതും റിപ്പോർട്ട് സമർപ്പിക്കേണ്ടതുമാണ്.

**ഉപതിരഞ്ഞെടുപ്പിനുള്ള പോളിംഗ് സ്റ്റേഷനുകൾക്കോ വോട്ടെണ്ണൽ കേന്ദ്രത്തിനോ മാറ്റം ആവശ്യമുണ്ടോയെന്ന കാര്യം പരിശോധിച്ച് ആവശ്യമെങ്കിൽ നടപടിക്രമങ്ങൾ പാലിച്ച് അതിനുള്ള ശുപാർശകൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ജില്ലാ തിരഞ്ഞെടുപ്പുദ്യോഗസ്ഥൻ അടിയന്തരമായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന് ലഭ്യമാക്കേണ്ടതാണ്.**

**വോട്ടർ പട്ടിക പുതുക്കുന്നതിനുള്ള സമയക്രമം**

| | |
|---|---|
| കരട് വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ | : 16.02.2022 (ബുധൻ) |
| അപേക്ഷകളും ആക്ഷേപങ്ങളും സ്വീകരിക്കുന്ന അവസാന തീയതി | : 03.03.2022 (വ്യാഴം 5 pm വരെ) |

ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ
തുടർ നടപടി സ്വീകരിച്ച് അപ്ഡേഷൻ പൂർത്തിയാക്കൽ : **14.03.2022 (തിങ്കൾ)**
അന്തിമവോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ : **16.03.2022 (ബുധൻ)**

വിശ്വസ്തതയോടെ,

എ.സന്തോഷ്
സെക്രട്ടറി

പകർപ്പ് :

ടെക്നിക്കൽ ഡയറക്ടർ, എൻ.ഐ.സി, കേരള സർക്കിൾ (അറിവിലേയ്ക്കും ആവശ്യമായ സാങ്കേതിക സഹായത്തിനുമായി)

**വരണാധികാരി,**
ജി 15.അതിയന്നൂർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 06.പൂവാർ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 58.നാവായിക്കുളം ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 51.കല്ലറ ഗ്രാമ പഞ്ചായത്ത് (തിരുവനന്തപുരം ജില്ല)
ജി 34.വെളിയം ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 62.വെളിനല്ലൂർ ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 4.ക്ലാപ്പന ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 43.പെരിനാട് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 33.ആര്യങ്കാവ് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 12.ശൂരനാട് വടക്ക് ഗ്രാമ പഞ്ചായത്ത് (കൊല്ലം ജില്ല)
ജി 35.കോന്നി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ജി 03.കൊറ്റനാട് ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ജി.28 റാന്നി അങ്ങാടി ഗ്രാമ പഞ്ചായത്ത് (പത്തനംതിട്ട ജില്ല)
ബി 41.ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് (ആലപ്പുഴ ജില്ല)
ജി 19.മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് (ആലപ്പുഴ ജില്ല)
എം63. ഏറ്റുമാനൂർ മുനിസിപ്പൽ കൗൺസിൽ (കോട്ടയം ജില്ല)
ജി 23.ഉടുമ്പന്നൂർ ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)
ജി.14 ഇടമലക്കുടി ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)
ജി 40.അയ്യപ്പൻ കോവിൽ ഗ്രാമ പഞ്ചായത്ത് (ഇടുക്കി ജില്ല)
സി 03.കൊച്ചി മുനിസിപ്പൽ കോർപ്പറേഷൻ (എറണാകുളം ജില്ല)
എം 21.തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിൽ - വാർഡ് 11 (എറണാകുളം ജില്ല)
എം 21.തൃപ്പൂണിത്തുറ മുനിസിപ്പൽ കൗൺസിൽ - വാർഡ് 46 (എറണാകുളം ജില്ല)
ജി 53.കുന്നത്ത്നാട് ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)
ജി 58.വാരപ്പെട്ടി ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)
ജി 72.നെടുമ്പാശ്ശേരി ഗ്രാമ പഞ്ചായത്ത് (എറണാകുളം ജില്ല)

എം.68 വടക്കഞ്ചേരി മുനിസിപ്പൽ കൗൺസിൽ (തൃശ്ശൂർ ജില്ല)
ബി 88.ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി.80 കുഴൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 67.തൃക്കൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 71.മുരിയാട് ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
ജി 76.വെള്ളാങ്ങല്ലൂർ ഗ്രാമ പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
എം 70.ചെറുപ്പളശ്ശേരി മുനിസിപ്പൽ കൗൺസിൽ (പാലക്കാട് ജില്ല)
ജി 74.പല്ലശ്ശന ഗ്രാമ പഞ്ചായത്ത് (പാലക്കാട് ജില്ല)
ജി 96.ആലംകോട് ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
ജി 84.വള്ളിക്കുന്ന് ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
ജി 76.കണ്ണമംഗലം ഗ്രാമ പഞ്ചായത്ത് (മലപ്പുറം ജില്ല)
എം 78.കൊടുവള്ളി മുനിസിപ്പൽ കൗൺസിൽ (കോഴിക്കോട് ജില്ല)
സി 06.കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ (കണ്ണൂർ ജില്ല)
എം 56.പയ്യന്നൂർ മുനിസിപ്പൽ കൗൺസിൽ (കണ്ണൂർ ജില്ല)
ജി 48.മുഴപ്പിലങ്ങാട് ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)
ജി 59.മാങ്ങാട്ടിടം ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)
ജി 21.കുറുമാത്തൂർ ഗ്രാമ പഞ്ചായത്ത് (കണ്ണൂർ ജില്ല)

ഇലക്ഷൻ ഡെപ്യൂട്ടി കളക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ.
നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർ, കൊല്ലം, എറണാകുളം, കോഴിക്കോട്.
സെക്രട്ടറി, ബി 41.ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്ത് (ആലപ്പുഴ ജില്ല)
സെക്രട്ടറി, ബി 88.ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് (തൃശ്ശൂർ ജില്ല)
കമ്മീഷനിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും (അറിവിലേയ്ക്കും തുടർനടപടിയ്ക്കുമായി)
പി.ആർ.ഓ., സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ,(പത്ര വാർത്ത നൽകുന്നതിനായി)
കമ്പ്യൂട്ടർ പ്രോഗ്രാമർ/ ഡാറ്റാ എൻട്രി ഓപ്പറേറ്റർ (ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തുന്നതിനായി)
കമ്മീഷണറുടെ പി.എസ്.
കമ്മീഷണറുടെ സി.എ.
സെക്രട്ടറിയുടെ സി.എ,
ഫയൽ /സ്റ്റോക്ക് ഫയൽ.

'ജനഹിതം' ,റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : 0471-2325048 (Administration), 2337884 (Election)
e-mail:cru.sec@kerala.gov.in, electionker@gmail.com
website:www.sec.kerala.gov.in

## അനുബന്ധം

## ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈൻ അപേക്ഷകളിന്മേൽ നടപടിസ്വീകരിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ

1. സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ ഉടൻ നടത്തുന്ന ഉപതിരഞ്ഞെടുപ്പിന് മുന്നോടിയായി ഫോട്ടോ പതിച്ച വോട്ടർ പട്ടികയുടെ കരട് **16/02/2022** ൽ പ്രസിദ്ധീകരിക്കാൻ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് കമ്മീഷൻ നിർദ്ദേശം നൽകിയിട്ടുണ്ട്.
2. കരട് വോട്ടർ പട്ടിക സംബന്ധിച്ച അവകാശവാദങ്ങളും ആക്ഷേപങ്ങളും അതാത് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ **16/02/2022** മുതൽ **03/03/2022, 5.pm** വരെ സ്വീകരിക്കേണ്ടതാണ്.
3. അപേക്ഷകൻ കമ്മീഷന്റെ www.sec.kerala.gov.in എന്ന സൈറ്റിലാണ് ഓൺലൈൻ അപേക്ഷകൾ അയയ്ക്കേണ്ടത്.
4. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നതിനും (ഫാറം 4) ഉൾക്കുറിപ്പുകളിൽ തിരുത്തലുകൾ വരുത്തുന്ന തിനും (ഫാറം 6) പേരു വിവരം ഒരു ഭാഗത്ത് നിന്ന്മറ്റൊരു ഭാഗത്തേയ്ക്കോ വാർഡിലേയ്ക്കോ മാറ്റുന്ന തിനും (ഫാറം 7) ഉള്ള അപേക്ഷകൾ/ ആക്ഷേപങ്ങൾ ഓൺലൈനിലൂടെ മാത്രംസ്വീകരിക്കേണ്ടതാണ്.
5. ഓൺലൈൻ അപേക്ഷകൾ അയയ്ക്കുമ്പോൾ തന്നെ അപേക്ഷകന് നേർവിചാരണയ്ക്കുള്ള നോട്ടീസ്(യഥാ ക്രമം ഫാറം 12, 15, 15എ) ലഭിക്കും.
6. വോട്ടർ പട്ടികയിൽ പേര് ഉൾപ്പെടുത്തുന്നത് അല്ലെങ്കിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച ആക്ഷേപങ്ങൾ ഫാറം 5-ൽ നേരിട്ടോ തപാലിലൂടെയോവേണം സ്വീകരിക്കേണ്ടത്. 8-ാം ഫാറത്തിലെആക്ഷേപങ്ങൾ കേരള പഞ്ചായത്ത് രാജ് ആക്ടിലെ 23, 24 വകുപ്പുകൾ പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ടിലെ 79, 80 വകുപ്പുകൾ പ്രകാരവും വോട്ടർപട്ടിക പുതുക്കുന്നതിന് കമ്മീഷൻ നിർദ്ദേശം നൽകുമ്പോൾ മാത്രമാണ് നേരിട്ട് സ്വീകരിക്കേണ്ടത്.
7. ഫാറം 5-ലെ ആക്ഷേപങ്ങൾക്ക് ആക്ഷേപകന് ഫാറം 13-ലും ആർക്കെതിരെയാണോ ആക്ഷേപം ഉന്നയിക്കു ന്നത് അയാൾക്ക് ഫാറം 14-ലും നേർവിചാര-ണക്കുള്ള നോട്ടീസ് ഇലക്ടറൽരജിസ്ട്രേഷൻ ഓഫീസർമാർ നിലവിലെ രീതിയനുസരിച്ച് നൽകണം.
8. www.sec.kerala.gov.in എന്ന സൈറ്റിലാണ് വോട്ടർപട്ടിക പുതുക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടത്.
9. ഓരോദിവസവും ഓൺലൈനിലൂടെ ലഭിക്കുന്ന അപേക്ഷകളുടെയും/ആക്ഷേപങ്ങളുടേയും ലിസ്റ്റുകൾ (ഫാറം 9, 11) പ്രിന്റ് എടുത്ത് പ്രസിദ്ധീകരിക്കേണ്ടതാണ് [Admin ID → Menu → ( Download Form 9, Form 11) → Date → Form 9/Form 11→ List → Print].
10. ഫാറം 5, 8 എന്നിവയിൽ നേരിട്ട് ലഭിക്കുന്ന ആക്ഷേപങ്ങളുടെ ലിസ്റ്റ് ഫാറം 10-ൽ തയ്യാറാക്കി പ്രസിദ്ധീകരി ക്കേണ്ടതാണ്.
11. ഓരോദിവസവും നേർവിചാരണയ്ക്ക് അപേക്ഷകർ ഹാജരാകുന്ന മുറയ്ക്ക് അവരുടെഅപേക്ഷ പരിശോ ധിക്കുന്നതിനും പോരായ്മകൾ ഉണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും സെക്ഷൻ ക്ലാർക്കിനെ (User ID) ചുമതലപ്പെടുത്തേണ്ടതാണ്.
12. അപേക്ഷകർ നേർവിചാരണയ്ക്ക് ഹാജരാകുന്ന മുറയ്ക്ക് ലിസ്റ്റ് ചെയ്തിട്ടുള്ള ഓരോ അപേക്ഷയും User വിശദമായി പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ തിരുത്തലുകൾ വരുത്തേണ്ടതുമാണ്. തുടർന്ന് അവയുടെ പ്രിന്റ് എടുത്ത് അതിൽ അപേക്ഷകന്റെ ഒപ്പ് വാങ്ങേണ്ടതാണ്. പേര് ഉൾപ്പെടുത്തുന്നതി നുള്ള അപേക്ഷയിൽ അപേക്ഷകന്റെ ഫോട്ടോ അപ്‌ലോഡ് ചെയ്തിട്ടില്ലെങ്കിൽ, പാസ്പോർട്ട് സൈസി ലുള്ള ഫോട്ടോ വാങ്ങി അപ്‌ലോഡ് ചെയ്യേണ്ടതും അപേക്ഷയിൽ ഒട്ടിക്കേണ്ടതുമാണ്. [User ID → Addition Management/Correction Management/ P.S Change Management → List → Select Voter → Verify and Correction → Upload Photo ( if needs) → Save and Print → Forward to Admin for Confirmation].

13. യൂസർ Confirm ചെയ്ത് അയക്കുന്ന അപേക്ഷകൾ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് Admin Menu-ൽ ലഭ്യമാകും.

14. ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ (Admin ID) പ്രസ്തുത അപേക്ഷകൾ ബന്ധപ്പെട്ട രേഖകളുമായി പരിശോധിക്കണം. ആവശ്യമെങ്കിൽ, തുടർ അന്വേഷണം നടത്തുകയും വേണം. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, ഇലക്ടറൽ രജിസ്ട്രേഷൻ ചട്ടങ്ങൾ എന്നിവയിലെ നിയമങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി അപേക്ഷ സ്വീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. തുടർന്ന് ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ പ്രസ്തുത അപേക്ഷയുടെ പ്രിന്റിലും ഓൺലൈനിലും ആവശ്യമായ എൻട്രി വരുത്തണം. [Admin ID → Addition Management/Correction Management/ P.S Change Management → (select voter) → Confirm → Confirm Save & Print → Enroll in the Electoral Roll/Reject].

15. പേര് ഉൾപ്പെടുത്തുമ്പോൾ അപേക്ഷിക്കുന്ന ഒരാൾ മറ്റേതെങ്കിലും തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ വോട്ടറാണെങ്കിൽ, ആ ജില്ലയുടെ പേരും തിരിച്ചറിയൽകാർഡ് നമ്പരും കൂടി അപേക്ഷയിൽ രേഖപ്പെടുത്തേണ്ടതുണ്ട്. അത്തരത്തിലുള്ള ഒരു വോട്ടറുടെ പേര് ചേർക്കുമ്പോൾ നിലവിലുള്ള പേരുവിവരം ഒഴിവാക്കുന്നതിന് ആ സ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർക്ക് ഓൺലൈൻ നിർദ്ദേശം നൽകണം. [Admin ID → Deletion Request → (select voter) Make Delete Request → Confirm Delete Request].

16. മേൽപ്പറഞ്ഞ പ്രകാരം ഒരു വോട്ടറുടെ പേര് ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം മറ്റൊരു തദ്ദേശസ്വയം ഭരണസ്ഥാപനത്തിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറിൽ നിന്നും ലഭിച്ചാൽ, പ്രസ്തുത വോട്ടറുടെ പേര് ആ പട്ടികയിൽ നിന്നും ഓൺലൈനിലൂടെ ഒഴിവാക്കേണ്ടതാണ്. [Admin ID → (select voter) Process Deletion Request → Confirm Deletion].

17. ഫാറം 5-ലും 8-ലും ലഭിക്കുന്ന ആക്ഷേപങ്ങൾ നേർ വിചാരണയ്ക്കും തുടർ അന്വേഷണത്തിനും ശേഷം അംഗീകരിക്കുകയോ നിരസിക്കുകയോ ചെയ്യേണ്ടതാണ്. അവ അംഗീകരിക്കുന്ന പക്ഷം ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാർ ഓൺലൈനിലൂടെ ആവശ്യമായ എൻട്രി വരുത്തേണ്ടതാണ്. [User ID → Form 5, 8 Deletion → Ward→ P.S→ Sl. No. of Voter → Submit.][Admin ID → Confirm For 5, 8→ List→ Select→ Confirm]

18. അപേക്ഷകളിൻമേൽ സ്വീകരിച്ച നടപടിവിവരം അപേക്ഷകനെ നേരിട്ടോ തപാലിലൂടെയോ അറിയിക്കേണ്ടതാണ്.

19. പുതിയതായി പേര് ഉൾപ്പെടുത്തുന്നവർക്ക് കമ്മീഷൻ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിലുള്ള ഒരു തിരിച്ചറിയൽരേഖ നേരിട്ടോ രജിസ്റ്റേർഡ് തപാലിലൂടെയോ നൽകേണ്ടതാണ്.